പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1171 — 06.06.2018 ന് മറുപടിയ്ക്ക്.

## ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.

*ചോദ്യം* — *ഉത്തരം*

ശ്രീ.സി.കെ. ഹരീന്ദ്രൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളത്തിൽ എത്ര ഐ.ടി. ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ ; | (എ) ആകെ 12 ഗവ. ഐ.ടി.ഐ. കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിൽ 10 എണ്ണം കിഫ്ബി ധനസഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ 10 ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ:ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ ആക്കുന്നതിന് ആകെ 7,99,83,914/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടി ക്രമങ്ങൾ പൂർത്തിയായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തൊഴിൽ വകുപ്പിന്റെ കീഴിൽ തന്നെ പ്രവർത്തിക്കുന്ന (M/s. KASE) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനുവച്ചപുരം ഐ.ടി.ഐ അടക്കമുള്ള 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. |

| | | |
|---|---|---|
| (സി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഈ ഐ.ടി.ഐ.-യിൽ, പുതുതായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ? | | (സി) ഐ.ടി.ഐകളിൽ നിലവിലുള്ള കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും പ്രത്യേകത അനുസരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പുതിയ സംവിധാനങ്ങൾ വ്യക്തമായി തീരുമാനിക്കുവാൻ കഴിയുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ